# കേരള സംസ്ഥാനമനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് ശ്രീഅലക്സാണ്ടർതോമസ്, ബഹു. ചെയർപേഴ്സൺ.

**എച്ച്.ആർ.എം.പി.നമ്പർ : 4805/11/12/2024/ റ്റി.വി.എം.& 4907/11/12/2024/റ്റി.വി.എം.**

ഹർജിക്കക്ഷി : കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്തകേസ്.

എതിർകക്ഷി:

**ഉത്തരവ് തിയതി: 08.01.2026**

ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യ നിക്ഷേപവുമായി ബന്ധപ്പെട്ട് കമ്മീഷൻ സ്വമേധയ രജിസ്റ്റർ ചെയ്ത കേസിൽ കമ്മീഷൻെറ അന്വേഷണ വിഭാഗം സമർപ്പിച്ച റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ 03.07.2025, 11.09.2025 തീയതികളിൽ നടന്ന കമ്മീഷൻ സിറ്റിംഗിൽ കേസ് പരിശോധിക്കുകയും ഇടക്കാല ഉത്തരവുകൾ പാസ്സാക്കുകയും ചെയ്തിരുന്നു.

11.09.2025 തീയതിയിലെ ഉത്തരവിലെ നിർദ്ദേശങ്ങൾ ഇപ്രകാരമായിരുന്നു;

'' 1. *കനാൽ റെയിൽവേ സ്റ്റേഷനുള്ളിലേയ്ക്ക് കടക്കുന്ന ഭാഗത്തുള്ള റോഡ് KRFB യുടെ അധീനതയിൽ ആയതിനാൽ ഇവിടെ മെറ്റൽ ഗ്രേറ്റിംഗ്സ് ശരിയായ രീതിയിൽ സ്ഥാപിക്കുന്നതിനായി KRFB,TRDCO, തിരുവനന്തപുരം നഗരസഭ ചീഫ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഒരു സംയുക്ത പരിശോധന നടത്തി നീരൊഴുക്ക് സുഗമമാക്കുന്നതിലേയ്ക്കായി ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്. ഏതു വകുപ്പാണ് ഇക്കാര്യം ചെയ്യേണ്ടതെന്ന നിർദ്ദേശം ജില്ലാ കളക്ടർ നൽകേണ്ടതുമാണ്.*

*2. കനാലിൽ നിന്നുള്ള മാലിന്യങ്ങൾ നീക്കം ചെയ്തു സംസ്കരിക്കുന്നതിന് ഏതെല്ലാം ഏജൻസികളാണ് അംഗീകൃതമായിട്ടുള്ളതെന്ന വിവരം നഗരസഭ സെക്രട്ടറി ഡെപ്യൂട്ടി കളക്ടർക്ക് നൽകേണ്ടതാണ്. വിവരം ലഭിച്ചു കഴിഞ്ഞാൽ ജില്ലാ കളക്ടർ മാസത്തിൽ രണ്ടു തവണയെങ്കിലും യോഗം നടത്തി ഇക്കാര്യങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഏകോപിപ്പിക്കുന്നതിനായി*

*വകുപ്പുതലത്തിൽ നോഡൽ ഓഫീസറെ നിയോഗിക്കുന്നതിനാവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകേണ്ടതാണ്. ഈ രണ്ടു കാര്യങ്ങളെയും സംബന്ധിച്ച ഒരു അഡീഷണൽ റിപ്പോർട്ട് ജില്ലാ കളക്ടർ ഒരു മാസത്തിനുള്ളിൽ കമ്മീഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.*

*2. കമ്മീഷൻെറ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ കമ്മീഷൻ പാസ്സാക്കിയ 03.07.2025 തീയതിയിലെ ഉത്തരവിൻെറ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ മേജർ ഇറിഗേഷൻ വകുപ്പ്, നഗരസഭ സെക്രട്ടറി റെയിൽവേ, കെ.എസ്.ആർ.ടി തമ്പാനൂർ ഡി.ടി.ഒ എന്നീ വകുപ്പുകൾ ഒരു മാസത്തിനുള്ളിൽ കമ്മീഷൻ ഓഫീസിൽ ഫയൽ ചെയ്യേണ്ടതാണ്.*

*3. pre monsoon, After monsoon ക്ലീനിംഗ് ജോലികൾ കൃത്യമായി ചെയ്യുന്നതിനുള്ള നടപടികൾ മേജർ ഇറിഗേഷൻ വകുപ്പ് സ്വീകരിക്കേണ്ടതാണ്. Dome fencing സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും സമയബന്ധിതമായി മേജർ ഇറിഗേഷൻ വകുപ്പ് സ്വീകരിക്കേണ്ടതാണ്. കെ.എസ്.ആർ.ടി യുടെ ഭാഗങ്ങളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണ്ണും കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കേണ്ടതാണ്.''*

2. കേസ് 08.01.2026 തീയതി 2 മണിക്ക് പരിഗണനക്കെടുത്തു. അന്നേദിവസം ജില്ലാ ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ നേരിട്ട് ഹാജരായി റിപ്പോർട്ട് സമർപ്പിച്ചു. കൂടാതെ മേജർ ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ വകുപ്പ് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം നഗരസഭ സെക്രട്ടറിയെ പ്രതിനിധീകരിച്ച് ക്ലീൻ സിറ്റി തിരുവനന്തപുരം പ്രോജക്ട് മാനേജർ, ഉൾനാടൻ ജലഗതാഗത ഉപവിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ആർ.ടി.സി അസിസ്റ്റൻറ് ട്രാൻസ്പോർട്ട് ഓഫീസർ, റെയിവേയുടെ പ്രതിനിധികൾ എന്നിവർ ഹാജരായി. റിപ്പോർട്ടുകൾ സമർപ്പിച്ചു.

3. ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ താഴെ കൊടുക്കുന്നു;

"ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിൻ പ്രകാരം ആമയിഴഞ്ചാൻ തോടിൻറെ ശുചീകരണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പകൾ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിലെ ശുപാർശകളിൻ മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേക്കായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 25/09/2025 തീയതി യോഗം കൂടി വകുപ്പ തലത്തിൽ ചെയ്ത നടപടികൾ വിലയിരുത്തിയിട്ടുള്ളതാണ്.

യോഗത്തിന്റെ action taken report ചുവടെ ചേർക്കുന്നു

<u>ശുചിത്വ മിഷൻ ഡയറക്ടർ</u>

യോഗ തീരുമാനം പ്രകാരം ശുചിത്വ മിഷൻ കനാലിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്ത സംസ്കരിക്കുന്നതിന് പ്രത്യേകമായി ഒരു ഏജൻസിക്കും അംഗീകാരം നല്കിയിട്ടില്ല. ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ഫോർവേഡ് ലിങ്കേജ് വഴി നല്കുന്നതിന് 41 സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ എംപാനൽമെന്റ് നല്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഫോർവേഡ് ലിങ്കേജ് നല്കുന്നതിനായി ഒരു സ്ഥാപനത്തിനാണ് നിലവിൽ എംപാനൽമെന്റ് നല്കിയിട്ടുള്ളത്. Establishing Plastic Waste Management (Segregation, Baling and Forward Linkage of Plastic Wastel Facilities in DHOT Method) 6 സ്ഥാപനങ്ങൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക് Recycling Agency കൾക്കും അംഗീകാരം നല്കിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ ആമയിഴഞ്ചാൻ കനാലിൽ പ്ലാസ്റ്റിക് വേസ്റ്റ് ശേഖരിക്കുന്നതിനായി Plastic Fixtures ഏജെൻസി മുഖേന Trash Booms സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആളിറങ്ങി മാലിന്യം നീക്കം ചെയ്യാൻ സാധിക്കാത്ത സ്ഥലങ്ങളിൽ ആധുനിക സാങ്കേതികവിദ്യ മുഖേന പ്രവർത്തിക്കുന്ന Gen Robotics ടെക്നോളജി ഉപയോഗിച്ച് മാലിന്യം നീക്കം ചെയ്ത വരുന്നു.

<u>കെ.എസ്.ആർ.ടി.സി ജനറൽ മാനേജർ</u>

തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ സ്ഥാപിക്കുന്ന Effluent Treatment Plant എന്ന പ്രവർത്തിക്കായി DPR(detailed project report) തയ്യാറാക്കി Technical Sanction ലഭിക്കുന്നതിന് ശുചിത്വ മിഷന് നൽകിയിരുന്നുവെങ്കിലും ആയത് പരിഗണിക്കവെ തുക കുറക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ KSRTC ഓറഞ്ച് സോണിൽ ആയതിനാൽ Effluent Treatment Plant നിർമ്മിക്കേണ്ടത് അനിവാര്യമാണ് എന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡ് അറിയിച്ച അതിനായി ശുചിത്വ മിഷന് അംഗീകാരമുള്ള ഏജൻസിയിൽ നിന്നും പ്രസ്തുത പ്രവർത്തിക്കായി പരിഷ്കരിച്ച DPR (detailed project report) തയ്യാറാക്കി നൽകുന്നതിനുള്ള നിർദ്ദേശം ലഭിക്കുയും ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്

<u>അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് ഫോർട്ട് /കന്റോൺമെന്റ്</u>

ഫോർട്ട്, തമ്പാനൂർ പോലീസ് സ്റ്റേഷനിലെ ISHO inspector station house officer) മാർ ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം ആമയിഴഞ്ചാൻ തോടിൽ മാലിന്യം നിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് 2024 ൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ 10 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായും തമ്പാനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമാണ്.ആമയിഴഞ്ചാൻ തോടിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിലേയ്ക്കായും തമ്പാനൂർ ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിൽ ബീറ്റ് പട്രോളിംഗ്, ബൈക്ക് പാളിംഗ്, മൊബൈൽ പട്രോളിംഗ് എന്നിങ്ങനെ പോലീസ് ഉദ്യോഗസ്ഥരെ

നിയോഗിച്ച് നിരീക്ഷണശക്തമാക്കിയിട്ടുണ്ട് മാലിന്യം തോട്ടിലോ പ്രദേശത്തോ വലിച്ചെറിയുന്നത് ശ്രദ്ധയിൽപെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു"

4. ആമയിഴഞ്ചാൻ തോടിന്റെ ഉടമസ്ഥാവകാശവും പരിപാലനവും മേജർ ഇറിഗേഷൻ വകുപ്പിന് ആണെന്നും, കനകക്കുന്ന് ഒബ്സർവേറ്ററികുന്ന് പരിസരത്തു നിന്നും തുടങ്ങി പാളയം ബേക്കറി ജംഗ്ഷൻ കെ എസ് ആർ ടി സി ബസ്സ്റ്റാൻഡ് പരിസരം ചേർന്ന് തമ്പാനൂർ റെയിൽവേ പാളത്തിനടിയിലൂടെ പഴവങ്ങാടി വഴി ഉള്ളൂർ തോട്ടിൽ ചേരുന്ന ഭാഗം വരെ ഒഴുകുന്നതാണ് ആമ ഇഴഞ്ചാൻ തോട് എന്നും ഏകദേശം 800 മീറ്റർ ദൂരം റെയിൽവേ സ്റ്റേഷൻ വളപ്പിലൂടെ ട്രാക്കിനു കീഴിലായി Culvert രൂപത്തിലാണ് തോട് ഒഴുകുന്നതെന്നും, തോട് കാലാകാലങ്ങളായി ഇറിഗേഷൻ വകുപ്പ് ചെളിയും മണ്ണും നീക്കി ശുചീകരിക്കുന്നതായും ഇതിലൂടെ ഒഴുകിവരുന്ന മാലിന്യം നഗരസഭ ട്രാഷ് ബൂമുകൾ സ്ഥാപിച്ചും ദൈനംദിനം ശേഖരിച്ചു ഫോർവേഡ് ലിങ്കേജിന് അയക്കുന്നതായും, നിലവിൽ 8 പ്ലാസ്റ്റിക് ബൂമുകൾ കനാലിൽ സ്ഥാപിച്ചിട്ടുണ്ടെന്നും, ചില ഭാഗങ്ങളിൽ മനുഷ്യർക്ക് ഇറങ്ങി മാലിന്യം എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും, ആയതിനാൽ ടി സ്ഥലത്തെ മാലിന്യം നീക്കം ചെയ്യുന്നതിനായി Genrobotics എന്ന സ്ഥാപനം മുഖാന്തിരം റോബോട്ടിക് സംവിധാനം ഉപയോഗിച്ച് കോരി നീക്കം ചെയ്യുന്നതിനായി നഗരസഭയുമായി കരാറിൽ ഏർപ്പെടുകയും ആയതിന്റെ സിവിൽ വർക്കുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും, റോബോട്ടിനെ 09.01.2026 ന് സ്ഥാപിച്ച് ട്രയൽ റൺ ആരംഭിക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ കാണുന്നു.

കൂടാതെ ആമയിഴഞ്ചാൻ തോട് കടന്നുപോകുന്ന വിവിധ സ്ഥലങ്ങളിൽ നിലവിൽ 33 ക്യാമറകൾ സ്ഥാപിക്കുകയും ആയത് ICCC യിൽ കണക്ട് ചെയ്തിട്ടുള്ളതും ആണെന്നും അതിൻറെ നിരീക്ഷണത്തിനായി നഗരസഭ ഒരു PHI യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, പകൽ രാത്രികാലങ്ങളിൽ ടി ഭാഗങ്ങളിൽ ഉൾപ്പെടെ നിരീക്ഷണം നടത്താൻ 6 ഹെൽത്ത് സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നതായും, കനാലിലേക്ക് KSRTC വർക്ക് ഷോപ്പിൽ നിന്നും ഒഴുക്കി വിട്ടിരുന്ന മലിനജലം സംസ്കരിക്കുന്നതിനായി STP സ്ഥാപിക്കുന്നതിന് 35 ലക്ഷം രൂപ KSRTC യ്ക്ക് അനുവദിച്ചിട്ടുണ്ടെന്നും മറ്റും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

5. തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും യാതൊരു വിധ മാലിന്യങ്ങളും ആമയിഴഞ്ചാൻ തോടിലേയ്ക്ക് നിക്ഷേപിക്കുന്നില്ല എന്നും, ബസുകൾ വാഷ് ചെയ്യുന്ന ജലം ബസ് വാഷിംഗ് ഏര്യായിൽ തന്നെ സജ്ജീകരിച്ചിട്ടുള്ള സംവിധാനത്തിലൂടെ ശുദ്ധീകരിച്ചാണ് പുറത്തേയ്ക്ക് പോകുന്നതെന്നും, കൂടാതെ ശുചിത്വമിഷൻെറ സഹകരണത്തോടുകൂടി ഒരു ഇ.റ്റി.പി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു

കഴിഞ്ഞതായും കെ.എസ്.ആർ.ടി.സി അസിസ്റ്റൻറ് ട്രാൻസ്പോർട്ട് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ കാണുന്നു.

6. തമ്പാനൂർ ഇൻഡ്യൻ കോഫി ഹൗസിനു സമീപം സ്ഥാപിച്ചിട്ടുള്ള മെറ്റൽ ഗ്രേറ്റിംഗ് ഖരമാലിന്യങ്ങൾ ചെറുക്കുന്നതിന് അപര്യാപ്തമാണെന്നും ടി ഗ്രേറ്റിംഗ് കുറച്ചുകൂടി താഴ്ത്തിവയ്ക്കുന്നതിനാവാശ്യമായ അനുമതി ലഭിക്കണമെന്നും റെയിൽവേയുടെ പ്രതിനിധികൾ അറിയിച്ചു. എന്നാൽ അപ്രകാരം താഴ്ത്തിയാൽ ചെറിയ മഴയത്തു പോലും വെള്ളപൊക്കമുണ്ടാകുമെന്നും ആയത് പ്രായോഗികമല്ലായെന്നും, ദിവസേന ക്ലീനിംഗ് ജോലികൾ ചെയ്യേണ്ടിവരുമെന്നും ആയത് റെയിൽവേ ചെയ്യുമെങ്കിൽ തങ്ങൾക്ക് എതിർപ്പ് ഇല്ലായെന്നും മേജർ ഇറിഗേഷൻ അസിസ്റ്റൻറ് എഞ്ചിനീയർ പറയുന്നു.

7. കമ്മീഷൻ റിപ്പോർട്ടുകൾ പരിശോധിക്കുകയും മേൽ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) ആമയിഴഞ്ചാൻ തോട് റെയിവേ ഭാഗത്തേയ്ക്ക് പ്രവേശിക്കുന്ന സ്ഥലത്ത് ഗ്രേറ്റിംഗ് താഴ്ത്തിവയ്ക്കണമെന്ന റെയിൽവേയുടെ നിർദ്ദേശത്തെ സംബന്ധിച്ചും, ഈ ഭാഗത്തെ മാലിന്യങ്ങൾ ദിവസേന നീക്കം ചെയ്യുന്നതു സംബന്ധിച്ചുമുള്ള കാര്യങ്ങളിൽ റെയിൽവേയുടെ പ്രതിനിധികൾ, മേജർ ഇറിഗേഷൻ വകുപ്പ് പ്രതിനിധികൾ, നഗരസഭ ക്ലീൻ സിറ്റി മാനേജർ എന്നിവരുമായി ഡെപ്യൂട്ടി കളക്ടർ(ദുരന്ത നിവാരണം) ചർച്ച നടത്തി പ്രായോഗികമായ തീരുമാനം കൈകൊള്ളേണ്ടതാണ്.

2) ആമയിഴഞ്ചാൻ തോട് കടന്നുപോകുന്ന വിവിധ സ്ഥലങ്ങളിൽ പരമാവധി സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിച്ച് മാലിന്യ നിക്ഷേപം തടയുന്നതിനുള്ള നടപടികളും ആയത് നിരീക്ഷിക്കുന്നതിനായി നഗരസഭ ഹെൽത്ത് ഉദ്യോഗസ്ഥന്മാരെ നിയോഗിക്കേണ്ടതുമാണ്

3)രാത്രികാലങ്ങളിൽ നിയോഗിച്ചിട്ടുള്ള ഹെൽത്ത് സ്ക്വാഡുകളുടെ പ്രവർത്തനം ഊർജിതപ്പെടുത്തേണ്ടതും അവരെ സഹായിക്കാനായി ആവശ്യമായ പോലീസ് ഉദ്യോഗസ്ഥന്മാരുടെ സേവനം നൽകുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സിറ്റി പോലീസ് കമ്മീഷണറുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതുമാണ്.

4) ശുചിത്വമിഷൻ എംപാനൽമെൻറ് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് പബ്ലിഷ് ചെയ്യേണ്ടതാണ്.

5. കെ.എസ്.ആർ.ടി.സി തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ Effluent Treatment Plant സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ശുചിത്വമിഷന്റെ സഹകരണത്തോടുകൂടി ഉടനെ ആരംഭിക്കേണ്ടതാണ്.

6. മേൽ പറഞ്ഞ കാര്യങ്ങൾ എകോപിപ്പിക്കുന്നതിനും ഭാവി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി ജില്ല കളക്ടർ ഡെപ്യൂട്ടി കളക്ടറെ (ദുരന്ത നിവാരണം) ചുമതലപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും ഉത്തരവുകൾ കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ടെങ്കിൽ അക്കാര്യങ്ങൾ ഡെപ്യൂട്ടി കളക്ടർ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ് .

ഉത്തരവിന്റെ പകർപ്പ് തിരുവനന്തപുരം ജില്ലാ കളക്ടർ, തിരുവനന്തപുരം നഗരസഭ സെക്രട്ടറി, തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർ, സിറ്റി പോലീസ് കമ്മീഷണർ, മേജർ ഇറിഗേഷൻ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശുചിത്വ മിഷൻ ഡയറക്ടർ, കെ.എസ്.ആർ.ടി തമ്പാനൂർ ഡി.ടി.ഒ എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ